- വിവിധ വകുപ്പുകളുടെ സംയോജിത യോഗം ചേർന്നു.
- കുരങ്ങുകളുടെ മരണം റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിൽ പ്രത്യേക നിരീക്ഷണം നടത്തിവരുന്നു.
- വീടുകൾ കയറിയുള്ള പനിയുടെ കണക്കെടുപ്പ്, സ്പെഷ്യൽ മെഡിക്കൽ ക്യാമ്പ്, ഡിപ്ലോയ്മെന്റ് ഓഫ് സ്റ്റാഫ് എന്നീ പ്രവർത്തനങ്ങൾ നടത്തിവരുന്നു.
- സുൽത്താൻ ബത്തേരി താലൂക്ക് ആശുപത്രി, ജില്ലാ ആശുപത്രി-മാനന്തവാടി എന്നിവിടങ്ങളിൽ പ്രത്യേക സജ്ജീകരണങ്ങൾ ഏർപ്പെടുത്തി.
- ചികിത്സാ മാർഗ്ഗരേഖ എല്ലാ സ്ഥാപനങ്ങളിലും എത്തിച്ചിട്ടുണ്ട്.
- പ്രതിരോധ കുത്തിവയ്പ് നടത്തിവരുന്നു.
- Malathion dusting, മാലത്തിയോൺ പൗഡർ എന്നിവ കുരങ്ങുകൾ ചത്ത സ്ഥലത്തും ചെള്ളുകളെ കാണുന്നിടത്തും വിതറുന്നുണ്ട്.
- നിയന്ത്രണത്തോടെയുള്ള കാട് കത്തിക്കൽ, വ്യക്തി സുരക്ഷയ്ക്കുവേണ്ടിയുള്ള സാധനങ്ങളുടെ വിതരണം എന്നീ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

കാട്ടിൽ പോകുന്നവർ ചെള്ള് നിർമ്മാർജ്ജന ലേപനങ്ങൾ പുരട്ടണമെന്നും ശരീരം മറയ്ക്കുന്ന രീതിയിൽ വസ്ത്രധാരണം ചെയ്യണമെന്നും ഗം ബൂട്ട്, ഗ്ലൗസുകൾ, ഗൗൺ, ഏപ്രൺ തുടങ്ങിയവ ഉപയോഗിക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

കൂടാതെ ഐ.ഇ.സി. (രോഗപ്രതിരോധ നിയന്ത്രണ മാർഗ്ഗങ്ങളെക്കുറിച്ചുള്ള ബോധവത്കരണം),നോട്ടീസ് വിതരണം, ബോർഡുകൾ, പോസ്റ്ററുകൾ, ഡോക്യുമെന്ററി ഫിലിം പ്രദർശനം, ആരോഗ്യബോധവത്കരണ ക്ലാസ്സുകൾ എന്നീ പ്രവർത്തനങ്ങളും നടത്തിവരുന്നു.

ഭക്ഷ്യവസ്തുക്കളിൽ മായം

17 (2226) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിൽക്കപ്പെടുന്ന പാക്കറ്റ് ബദളിച്ചെണ്ണ, പാൽ എന്നിവയിൽ അപകടകരമാംവിധം മായം കലർന്നതാണെന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് ഭക്ഷ്യ സുരക്ഷാ വിഭാഗം ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ കണ്ടെത്തലുകൾ എന്തൊക്കെയാണ് ;

LIBRARY ARCHIVES Kerala Legislative Assembly

ഏതെല്ലാം കമ്പനികളുടെ പാക്കറ്റ് വെളിച്ചെണ്ണ, പാൽ എന്നിവയിലാണ് അപകടകരമായ വിധത്തിൽ മായം കലർന്നതെന്ന് വിശദമാക്കാമോ ;

(സി) ഭക്ഷ്യവസ്തുക്കളിൽ ശരീരത്തിന് ദോഷകരമായ മായം കലരുന്നത് പരിശോധിച്ച് കണ്ടെത്തുന്നതിനുള്ള ലബോറട്ടറി സൗകര്യങ്ങൾ എന്തെല്ലാമാണ് ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ നടത്തിയ പരിശോധനകളിൽ പാക്കറ്റ് വെളിച്ചെണ്ണ, പാൽ എന്നിവ നിശ്ചിത ഗുണനിലവാരം പുലർത്താത്തതായി കണ്ടെത്തിയിട്ടുണ്ട്.

(ബി) ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരുടെ പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് വെളിച്ചെണ്ണയുടെ സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കിയതിൽ സംസ്ഥാനത്ത് വിതരണം ചെയ്യുന്ന 14 ബ്രാന്റ് വെളിച്ചെണ്ണ നിശ്ചിത ഗുണനിലവാരം പുലർത്താത്തതായി കണ്ടെത്തിയിട്ടുണ്ട്. എന്നാൽ അപകടകരമായ വിധത്തിൽ മായം കലർന്നതാണെന്ന രീതിയിലുള്ള റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(സി) ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ ഓരോ അനലിറ്റിക്കൽ ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ടി ലാബിൽ ലഭ്യമല്ലാത്ത സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുന്നതിനായി സൈസസ് ബോർഡ് ലാബ്, വെള്ളായണി കാർഷിക കോളേജിലെ പെസ്റ്റിസൈഡ് റെസിഡ്യൂ ടെസ്റ്റിംഗ് ലാബ്, സി.എഫ്.ആർ.ഡി. ലാബ്, വെറ്ററിനറി സർവ്വകലാശാല ലാബ്, സിഫ്റ്റ്, സി.ഇ.പി.സി., നാളികേര വികസന ബോർഡ്, ഇന്റർഫീൽഡ്, സ്റ്റെർലിംഗ് എന്നിവയുടെ സേവനവും ഉപയോഗപ്പെടുത്താറുണ്ട്.

പോലീസ് സർജന്മാരുടെ നിയമനം

18 (2227) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യ വകുപ്പിൽ ജോലി ചെയ്യുന്ന പതിനൊന്ന് ഫോറൻസിക മെഡിസിൻ സ്പെഷ്യലിസ്റ്റുകളിൽ പാലക്കാട് ജില്ലാ പോലീസ് സർജൻ ഒഴികെ

LIBRARY ARCHIVES Kerala Legislative Assembly